Indian Church of Christ, QT Series - THE SPIRIT (OT - Malayalam)

# ആത്മാവ്

## [Old Testament]

പ്രാർത്ഥനാ സമയ പുസ്തകം

ദിനം 1

## വെള്ളത്തിനുമീതെ വ്യാപരിച്ച ദൈവാത്മാവ്

**ഉല്പത്തി 1:2**

*ഭൂമി രൂപരഹിതവും ശൂന്യവുമായിരുന്നു; ആഴത്തിന്മേൽ അന്ധകാരം വ്യാപിച്ചിരുന്നു. ദൈവത്തിന്റെ ആത്മാവ് വെള്ളത്തിനുമീതെ വ്യാപരിച്ചുകൊണ്ടിരുന്നു.*

ദൈവാത്മാവിനെക്കുറിച്ചു ബൈബിളിൽ കാണുന്ന ആദ്യ പരാമർശം ഈ വാക്യത്തിലാണ്. ദൈവാത്മാവ് വെള്ളത്തിനുമീതെ വിരാജിച്ചിരുന്നു എന്ന്. പിന്നീട് എന്തു സംഭവിച്ചുവെന്ന് നമുക്കറിയാം, പലവിധ സൃഷ്ടികളാൽ ഭൂമി നിറയപ്പെട്ടു.

യേശുവിനെ കർത്താവായി സ്വീകരിക്കുന്നതിനുമുമ്പുള്ള സമയങ്ങളെക്കുറിച്ച് ഓർത്തുനോക്കുക. നമ്മിൽ പലരും ആഴമുള്ളവരായിരുന്നു, എന്നിരുന്നാലും ആഴത്തിന്റെ ഉപരിതലത്തിൽ വ്യാപരിച്ചിരുന്നത് ഇരുട്ടായിരുന്നു. നമ്മിൽ പലരും മൂല്യമില്ലാത്തവരെന്ന തോന്നലും അപകർഷതാബോധവും ശൂന്യതയും അനുഭവിക്കുന്നവരായിരുന്നു.

ദൈവാത്മാവ് നമ്മെ കണ്ടു, പലനന്മകളാലും നമ്മെ നിറച്ചു. അതു നന്നെന്ന് ആത്മാവിനു തോന്നി, നമുക്കും ആ തോന്നൽ ഉളവായി.

**പ്രായോഗികനിർദ്ദേശം:**

ദൈവത്തിന് ആദ്യസ്ഥാനം നല്കിക്കൊണ്ട് നാം ജീവിതം തുടങ്ങിയപ്പോൾ നമ്മുടെ ജീവിതത്തിൽ സംഭവിച്ച കാര്യങ്ങളെക്കുറിച്ച് ഓർക്കുക. അക്കാര്യങ്ങളെക്കുറിച്ച് ദൈവത്തെ സ്തുതിക്കുക.

ദിനം 2

## എന്റെആത്മാവ് മനുഷ്യനോട് എന്നേക്കും വാദിച്ചുകൊണ്ടിരിക്കയില്ല

ഉല്പത്തി 6:3, 5–6

*3അപ്പോൾ യഹോവ, എന്റെ ആത്മാവ് മനുഷ്യനോട് എന്നേക്കും വാദിച്ചുകൊണ്ടിരിക്കയില്ല; അവൻ ജഡംതന്നെയല്ലേ; അവന്റെ കാലം 120 വർഷം ആകും എന്ന് അരുളിച്ചെയ്തു.*
*5ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വളരെയധികം വർദ്ധിച്ചിരിക്കുന്നുവെന്നും അവന്റെ ഹൃദയവിചാരങ്ങൾ എല്ലായ്പ്പോഴും ദോഷത്തിലേക്കാകുന്നുവെന്നും യഹോവ കണ്ടു. 6ഭൂമിയിൽ മനുഷ്യനെ സൃഷ്ടിച്ചതുകൊണ്ട് യഹോവ ദുഃഖിച്ചു; അവിടുത്തെ ഹൃദയം അത്യന്തം വേദനിച്ചു.*

ദൈവാത്മാവിനെക്കുറിച്ചുള്ള രണ്ടാമത്തെ പരാമർശം നമുക്കിവിടെ കാണാനാകും. എന്നാൽ ഇവിടത്തെ സാഹചര്യം ഏറെ ഭിന്നമാണ്. ഭൂമി മുഴുവൻ വ്യത്യസ്തതരത്തിലുള്ള കാര്യങ്ങൾകൊണ്ട് നിറഞ്ഞുവെങ്കിലും ദൈവത്തിന്റെ ഹൃദയം അത്യന്തം വേദനയിലായിരുന്നു. ഭൂമുഖത്തുള്ള സകലതിനെയും നശിപ്പിക്കാൻ ദൈവം തീരുമാനിച്ചു, അവയിൽ നിന്നും ഒരു ജോഡിയെ നിലനിർത്തിക്കൊണ്ട് – കൂട്ടത്തിൽ ഒരു കുടുംബത്തെയും രക്ഷിക്കാൻ ദൈവം തീരുമാനിച്ചു.

മനുഷ്യവംശത്തിന്റെ ദുഷ്ടത വളരെവലുതായിരുന്നു. ഓരോരുത്തന്റെയും ഓരോ ഹൃദയവിചാരങ്ങളുടെയും ചായ്വ് തിന്മയിലേക്കായിരുന്നു.

യേശുവിനെ പിന്തുടരാൻ തീരുമാനിച്ചതിനുശേഷം ഇപ്പോഴത്തെ നിങ്ങളുടെ അവസ്ഥ എങ്ങനെയുള്ളതാണ്? ആറുവർഷമോ പത്തുവർഷമോ 25വർഷമോ ആയിരുന്നാലും, നിങ്ങളുടെ ഹൃദയത്തിന്റെ അവസ്ഥ ഇപ്പോൾ എന്താണ്? നിങ്ങളുടെ അവസ്ഥ കാണുന്ന ദൈവത്തിന് നിങ്ങളെക്കുറിച്ച് വേദന തോന്നുമോ അതോ അഭിമാനം തോന്നുമോ? നമ്മിൽ നിറച്ച നന്മകളെ എടുത്തുകളയാനുള്ള തോന്നൽ ദൈവത്തിനുണ്ടാകുമോ? ഏത് അവസ്ഥയിലായിരുന്നാലും ദൈവം ഒരു ജോഡിയെ നിങ്ങളിൽ അവശേഷിപ്പിക്കും, അതിലൂടെ നിങ്ങൾ അഭിവൃദ്ധിപ്രാപിച്ച് ദൈവവുമായി ശ്രേഷ്ഠമായ ഒരു ബന്ധം വളർത്താൻ സാധിക്കുന്ന വിധത്തിൽ.

### പ്രായോഗികനിർദ്ദേശം:
ദൈവത്തെ സ്വീകരിച്ച സമയത്ത് ദൈവം നിങ്ങളിൽ നിറച്ച നാനാവിധ അനുഗ്രഹങ്ങൾ എന്തൊക്കെയായിരുന്നു എന്ന് ചിന്തിച്ചുനോക്കുക. അവയെയെല്ലാം നിങ്ങൾ ഏതൊക്കെവിധത്തിലാണ് ഉപയോഗിക്കുന്നത്? ഇതെക്കുറിച്ചു ദൈവത്തോടു സംസാരിക്കുക.

ദിനം 3

# ദൈവാത്മാവുള്ള മനുഷ്യനെപ്പോലെ ഈ ഒരുവൻ

ഉല്പത്തി 41:38–40

*38അതുകൊണ്ടു ഫറവോൻ അവരോട്: ദൈവാത്മാവുള്ള ഈ മനുഷ്യനെപ്പോലെ ഒരുവനെ നമുക്കു കണ്ടെത്താൻ കഴിയുമോ? എന്നു ചോദിച്ചു. 39പിന്നെ ഫറവോൻ യോസേഫിനോടു പറഞ്ഞു: ദൈവം ഇതെല്ലാം നിന്നെ അറിയിച്ചിരിക്കുന്നതുകൊണ്ട് നിന്നെപ്പോലെ വിവേചനവും ജ്ഞാനവും ഉള്ള മറ്റാരുമില്ല. 40എന്റെ കൊട്ടാരത്തിന്റെ ചുമതല നിനക്കായിരിക്കും; എന്റെ സകലപ്രജകളും നിന്റെ ആജ്ഞകൾക്കു വിധേയമായിരിക്കും. സിംഹാസനത്തിന്റെ കാര്യത്തിൽമാത്രം ഞാൻ നിന്നെക്കാൾ ശ്രേഷ്ഠനായിരിക്കും.*

നമ്മുടെ ദൈവത്തെക്കുറിച്ച് കാര്യമായ അറിവൊന്നും ഇല്ലാത്ത ഒരു വ്യക്തിയാണ് ജോസഫിൽ വ്യാപരിക്കുന്നത് ദൈവാത്മാവാണെന്നു ഇവിടെ സാക്ഷിക്കുന്നത്. ജോസഫിൽ ഉണ്ടായിരുന്ന സവിശേഷത എന്തായിരുന്നു? വിവേചിച്ചു മനസ്സിലാക്കാനുള്ള സാമർത്ഥ്യവും ജ്ഞാനവും. ജോസഫ് ആകട്ടെ ഇതിന്റെയെല്ലാം അവകാശം ദൈവത്തിനു സമർപ്പിച്ചു. മുകളിൽ നല്കിയിരിക്കുന്ന വാക്യങ്ങൾക്കു മുമ്പ് നാം കാണുന്ന ചില പ്രസ്താവനകൾ ജോസഫ് ഫറവോനോടു നല്കിയവയാണ്. അവ നമുക്കു നോക്കാം:

- ⇨ താൻ എന്താണു ചെയ്യാൻ പോകുന്നതെന്നു ദൈവം ഫറവോനു വെളിപ്പെടുത്തിയിരിക്കുന്നു. (വാ 25)
- ⇨ ദൈവം താൻ ചെയ്യാൻ പോകുന്നത് ഫറവോനു കാണിച്ചു തന്നിരിക്കുന്നു. (വാ 28)
- ⇨ ഇക്കാര്യം ദൈവത്തിൽനിന്നാകയാൽ ഉറപ്പാക്കപ്പെട്ടിരിക്കുന്നുവെന്നും ദൈവം അത് ഉടനേ ചെയ്യാൻ പോകുന്നു എന്നും കാണിക്കുന്നു. (വാ 32)

വിവേചനാശക്തിയും ജ്ഞാനവും ദൈവം നമുക്കും നല്കിയിരിക്കുന്നു. ഇതിന്റെയെല്ലാം മഹത്വം നാം ദൈവത്തിനു കരേറ്റുന്നുണ്ടോ? നമ്മുടെ സംസാരങ്ങളിൽ ദൈവം എന്ന വാക്ക് എത്രമാത്രം നമുക്കു കാണാനാകുന്നുണ്ട്?

പ്രായോഗികനിർദ്ദേശം:
ജോസഫിനെപ്പോലെ നിങ്ങളെ ദൈവം ശക്തമായി ഉപയോഗിച്ച ഏതെങ്കിലുമൊക്കെ സാഹചര്യത്തെക്കുറിച്ച് ഓർത്തു നോക്കുക, ആ സാഹചര്യത്തിൽ മറ്റുള്ളവർ നിങ്ങളിലൂടെ ദൈവം പ്രവർത്തിച്ചുവെന്ന് പറഞ്ഞതിനെക്കുറിച്ചും ഓർത്തുനോക്കുക.

ദിനം 4

## ദൈവാത്മാവിനാൽ നിറഞ്ഞയാൾ

പുറപ്പാട് 31:1–3

*1യഹോവ മോശെയോടു പിന്നെയും അരുളിച്ചെയ്തു: 2ഇതാ, യെഹൂദാഗോത്രത്തിൽ ഹൂരിന്റെ മകനായ ഊരിയുടെ മകൻ ബെസലേലിനെ ഞാൻ പേരുചൊല്ലി വിളിച്ചിരിക്കുന്നു. 3ഞാൻ അവനെ ദൈവാത്മാവിനാൽ നിറച്ച്, എല്ലാവിധ കൗശലപ്പണികളിലും വൈദഗ്ദ്ധ്യവും പ്രാപ്തിയും ജ്ഞാനവും നല്കിയിരിക്കുന്നു.*

ദൈവാത്മാവിനാൽ നിറഞ്ഞവ്യക്തിയെന്ന് ആദ്യമായി വേദപുസ്തകത്തിൽ പരാമർശിക്കുന്നത് ബെസലേലിനെയാണ്.

- ആരാണ് ഇതു പറഞ്ഞത്? ദൈവം തന്നെ.
- കൂട്ടത്തിൽ വേറെ എന്തൊക്കെയാണ് ദൈവം പറഞ്ഞത്? സകല കരകൗശലപ്പണികളിലുമുള്ള വൈദഗ്ദ്ധ്യവും പ്രാപ്തിയും ജ്ഞാനവും.

നമ്മെസംബന്ധിച്ചും ഇക്കാര്യങ്ങളെല്ലാം സത്യമല്ലേ? ദൈവാത്മാവിനാൽ ദൈവം നമ്മെ നിറച്ചു, അതു മാത്രമല്ല, ദൈവരാജ്യം വളർത്തുന്നതിന് ഉതകുന്ന രീതിയിലുള്ള സവിശേഷമായ ചില കഴിവുകളും, തിരിച്ചറിവും ദൈവം നമുക്കു നല്കിയിരിക്കുന്നു.

ബെസലേൽ തന്റെ കഴിവുകൾ അതിശയകരമായ രീതിയിൽ ഉപയോഗിച്ചു എന്നത് നമുക്ക് ഉറപ്പിക്കാവുന്ന ഒരു കാര്യമാണ്. എന്നാൽ അദ്ദേഹം അപ്രകാരം ചെയ്തില്ലായിരുന്നുവെങ്കിൽ എന്തു സംഭവിക്കുമായിരുന്നു? ഈ കഴിവുകളെല്ലാം മറ്റൊരു വ്യക്തിയിലേക്ക് ദൈവം പകർന്നുകൊടുത്ത് ആ വ്യക്തിയെ ദൈവം ഉപയോഗിക്കുമായിരുന്നു, ദൈവ പദ്ധതികൾ നിറവേറ്റാനായി.

ദൈവം നമുക്കു നല്കിയിരിക്കുന്ന കഴിവുകളെ ദൈവരാജ്യവളർച്ചയാക്കായി നാം എത്രമാത്രം വിനിയോഗിക്കുന്നുണ്ട്? ദൈവത്തിനു മഹത്വം നല്കാൻ നമ്മുടെ കഴിവുകളെ നാം ഉപയോഗിക്കുന്നുണ്ടോ? അതോ ഈ ലോകത്തിലെ നമ്മുടെ രാജ്യത്തെ നിർമ്മിക്കുന്ന തിരക്കിനിടയിൽപെട്ട് ഇക്കാര്യം നാം മറക്കുകയാണോ?

പ്രായോഗികനിർദ്ദേശം:
നമ്മുടെ ആത്മീയവരങ്ങൾ നാം എല്ലാവരുടെയും ക്ഷേമത്തിനായി വിനിയോഗിക്കുന്നുണ്ടോ എന്നു ചിന്തിക്കുക. കൂടുതൽ കൂടുതലായി ഇപ്രകാരം ചെയ്യാൻ തീരുമാനിക്കുക, ദൈവരാജ്യത്തെ വളർത്താനായി നിങ്ങളുടെ പങ്ക് സമർപ്പിതമായി നിറവേറ്റുക.

ദിനം 5

## ജനത്തിന്റെ ഭാരം പങ്കുവയ്ക്കാൻ ആത്മാവു സഹായിക്കുന്നു

സംഖ്യ 11:16–17

*16യഹോവ മോശെയോടു പറഞ്ഞു: ജനത്തിന്റെ ഇടയിൽ പ്രഭുക്കന്മാരും മേൽവിചാരകരുമായി നിനക്കറിയാവുന്ന യിസ്രായേൽ മൂപ്പന്മാരിൽ എഴുപതുപേരെ എന്റെ അടുക്കൽ കൊണ്ടുവരിക. അവർ വന്ന് സമാഗമനകൂടാരത്തിങ്കൽ നിന്നോടൊപ്പം നില്ക്കട്ടെ. 17അവിടെ ഞാൻ ഇറങ്ങിവന്ന് നിന്നോടു സംസാരിക്കും; നിന്റെ മേലുള്ള ആത്മാവിൽ അല്പം എടുത്ത് അവരുടെമേൽ പകരും. ജനത്തിന്റെ ഭാരം വഹിക്കാൻ അവർ നിന്നെ സഹായിക്കും, അങ്ങനെ നീ തനിയെ അതു വഹിക്കേണ്ടി വരികയില്ല.*

ഈ ജനത്തെയെല്ലാം തനിയെ വഹിക്കുവാൻ എനിക്കു കഴിവില്ല; ഇത് എനിക്ക് അതിഭാരമാണ്. ഇപ്രകാരമാണ് അങ്ങ് എന്നോടു പ്രവർത്തിക്കുന്നതെങ്കിൽ, എന്നെ കൊന്നുകളയണമേ. എന്റെ അരിഷ്ടത ഞാൻ കാണരുതേ എന്ന് മോശ ദൈവത്തിന്റെ മുമ്പിൽ തന്റെ ഹൃദയഭാരം പങ്കുവയ്ക്കുന്നത് നമുക്കു കാണാൻ കഴിയും, 14-15 വാക്യങ്ങളിൽ.

വിഷാദാവസ്ഥ നമുക്കുണ്ടാവുക എന്നത് സംഭവിക്കാവുന്ന ഒരു കാര്യമാണ്, എന്നാൽ ദൈവം യാഥാർത്ഥ്യമാണ്. ആകുലത ഒരു വാസ്തവമാണ്, എന്നാൽ പ്രത്യാശയും യാഥാർത്ഥ്യമാണ്. ആശയറ്റെന്നു തോന്നുന്ന നമ്മുടെ സാഹചര്യങ്ങളിൽപോലും ദൈവത്തിനു നമ്മെ ശക്തീകരിക്കാൻ കഴിയും.

ദൈവാത്മാവിനാൽ അവർ സജ്ജരാക്കപ്പെടുമ്പോൾ അവർ എന്തുചെയ്യും? അവർ ദൈവജനത്തിന്റെ ഭാരം വഹിക്കും. ദൈവജനത്തിന്റെ ഭാരം വഹിക്കുന്നതിൽ നാം എത്രമാത്രം പങ്കുവഹിക്കുന്നുണ്ട്?

പ്രായോഗികനിർദ്ദേശം:
ഭാരത്തിലൂടെയും പ്രയാസങ്ങളിലൂടെയും കടന്നു പോകുന്ന ആരെങ്കിലുമായി കുറച്ചു സമയം ചിലവഴിക്കുക, അവർക്കു ധൈര്യം പകർന്നു നല്കുക.

ദിനം 6

# ദൈവാത്മാവ് അവരിൽ ആവസിച്ചപ്പോൾ അവർ പ്രവചിച്ചു

സംഖ്യ 11:25-26

*25അപ്പോൾ യഹോവ മേഘത്തിൽ ഇറങ്ങിവന്ന് അയാളോടു സംസാരിച്ചു. അയാളോടൊപ്പമുണ്ടായിരുന്ന ആത്മാവിൽനിന്ന് എടുത്ത് മൂപ്പന്മാരായ ആ എഴുപതു പുരുഷന്മാരുടെമേൽ പകർന്നു. ആത്മാവ് അവരുടെമേൽ ആവസിച്ചപ്പോൾ അവർ പ്രവചിച്ചു. പക്ഷേ പിന്നീട് അവർ അങ്ങനെ ചെയ്തില്ല. 26എന്നാൽ എൽദാദ്, മേദാദ് എന്ന രണ്ടുപേർ പാളയത്തിൽതന്നെ താമസിച്ചു. അവർ മൂപ്പന്മാരുടെ കൂട്ടത്തിൽ എണ്ണപ്പെട്ടവരായിരുന്നെങ്കിലും കൂടാരത്തിലേക്ക് ഇറങ്ങിച്ചെന്നില്ല. എങ്കിലും ആത്മാവ് അവരുടെമേലും ആവസിച്ചു. അവർ പാളയത്തിൽവച്ചു പ്രവചിച്ചു.*

നാം ഒരുകൂട്ടത്തിൽ ഉണ്ടായിരുന്നാലും ഇല്ലെങ്കിലും ദൈവം ഒരു കാര്യം തീരുമാനിച്ചിട്ടുണ്ടെങ്കിൽ അതു നിറവേറ്റും. നായകപദത്തിലേക്കോ, മറ്റു ഉത്തരവാദിത്വങ്ങളിലേക്കോ നമ്മുടെ പേരു നിർദ്ദേശിട്ടുണ്ടോ ഇല്ലയോ എന്നതൊന്നും പ്രസക്തമല്ല - ദൈവവചനം പ്രഘോഷിക്കാൻ (പ്രവചിക്കാൻ) ദൈവം നമുക്കു പ്രാപ്തിനല്കും.

മോശയിലുണ്ടായിരുന്ന ആത്മാവിന്റെ ശക്തിയിൽ നിന്നും കുറച്ചെടുത്ത് ദൈവം മറ്റ് എഴുപതുപേരിൽ നിറച്ചു എന്നകാര്യം വായിക്കുന്നത് താത്പര്യകരമായ ഒരു സംഗതിയാണ്. ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന സ്ത്രീ പുരുഷന്മാരോടു ചേർന്നിരിക്കുന്നത് എത്രവലിയ ഒരു കാര്യമാണ്? അവർക്കു നല്കിയിട്ടുള്ള ദൈവാത്മാവിന്റെ ശക്തി നമുക്കും പകർന്നുകിട്ടാനുള്ളതിന് സാദ്ധ്യതകൾ ഏറെയാണ്.

പ്രായോഗികനിർദ്ദേശം:
നിങ്ങളുടെ ജീവിതത്തിൽ മോശയെപ്പോലെയുള്ള ഒരു വ്യക്തിസാന്നിദ്ധ്യം ആരാണ്? ആ വ്യക്തിയുമായി കുറച്ചു സമയം ചിലവഴിക്കുക, അവർ പറയുന്നതു കേൾക്കുക.

ദിനം 7

# ദൈവാത്മാവിനെ സകലരിലും പകർന്നിരുന്നെങ്കിൽ

സംഖ്യ 11:27-29

*27ഒരു യുവാവ് ഓടിച്ചെന്ന് മോശെയോടു പറഞ്ഞു: എൽദാദും മേദാദും പാളയത്തിൽ പ്രവചിക്കുന്നു. 28യൗവ്വനംമുതൽ മോശെയുടെ സഹായിയായിരുന്ന നൂന്റെ മകനായ യോശുവ അപ്പോൾ പറഞ്ഞു:*

*എന്റെ യജമാനനായ മോശെയേ, അവരെ തടയണമേ! 29എന്നാൽ മോശെ മറുപടി പറഞ്ഞു: എന്നെയോർത്ത് നീ അസൂയപ്പെടുന്നുവോ? യഹോവയുടെ സർവ്വജനവും പ്രവാചകരായിരുന്നെങ്കിൽ എന്നും യഹോവ തന്റെ ആത്മാവിനെ അവരുടെമേൽ പകർന്നിരുന്നുവെങ്കിൽ എന്നും ആണു ഞാൻ ആഗ്രഹിക്കുന്നത്.*

ചില കീഴ്‌വഴക്കങ്ങൾ പാലിക്കാത്ത ചിലവ്യക്തികളെ ദൈവം ഉപയോഗിക്കുന്നതു കാണുമ്പോൾ നമുക്കത് ഇഷ്ടപ്പെടില്ല - നമ്മുടെ തീക്ഷ്ണതയാൽ, യോശുവയെപ്പോലെ. നല്ലതു ചെയ്യുന്ന ചിലയാളുകളെ ദൈവം തടയണം എന്നുവരെയും നാം ആഗ്രഹിക്കും. എന്നാൽ മോശ ഇക്കാര്യത്തിൽ വ്യത്യസ്തമായ ഒരു നിലപാടാണ് എടുത്തത്.

എല്ലാവരും പ്രവചിക്കണമെന്നും, എല്ലാവരെയും ദൈവം ഉപയോഗിക്കണമെന്നുമാണ് മോശ ആഗ്രഹിച്ചത്. ഇക്കാര്യത്തിൽ നമ്മുടെ ചിന്ത എന്താണ്? ഒരു ശിഷ്യനെന്ന നിലയിലോ, ഒരു നായകനെന്ന നിലയിലോ ഒക്കെ നാം എന്താണു ചിന്തിക്കുന്നത്? ദൈവം താൻ തിരഞ്ഞെടുത്ത എല്ലാവർക്കും ഒരേ ആത്മാവിനെയാണു പകർന്നിരിക്കുന്നത് എന്ന ചിന്ത നമ്മിലുണ്ടോ?

### പ്രായോഗികനിർദ്ദേശം:

നമ്മുടെ തീക്ഷ്ണതയിൽ നാം ചെയ്തുപോയ ചില അബദ്ധങ്ങളെക്കുറിച്ച് ചിന്തിക്കുക. ദൈവത്തിന്റെ അനുകമ്പയും കരുണയും ഓർത്ത് അവിടുത്തേക്ക് നന്ദി പറയുക.

ദിനം 8

## വ്യത്യസ്തമായ ഒരു ആത്മാവുള്ളയാൾ

### സംഖ്യ 14:20-24

*20യഹോവ അരുളിച്ചെയ്തു: നീ അപേക്ഷിച്ചതുപോലെ ഞാൻ അവരോടു ക്ഷമിച്ചിരിക്കുന്നു. 21എന്നാൽ എന്നാണെ, ഭൂമിമുഴുവൻ നിറഞ്ഞിരിക്കുന്ന എന്റെ തേജസ്സാണെ, 22എന്റെ തേജസ്സും ഞാൻ ഈജിപ്റ്റിലും മരുഭൂമിയിലും പ്രവർത്തിച്ച അടയാളങ്ങളും ദർശിച്ചിട്ടും എന്നെ പത്തുപ്രാവശ്യം പരീക്ഷിക്കുകയും എന്റെ വാക്ക് അനുസരിക്കാതിരിക്കുകയും ചെയ്തവരിൽ ആരും 23അവരുടെ പിതാക്കന്മാർക്കു ഞാൻ വാഗ്ദാനം ചെയ്ത ദേശം കാണുകയില്ല. എന്നെ നിന്ദിച്ചവരിൽ ആരും ഒരിക്കലും അതു കാണുകയില്ല. 24എന്നാൽ എന്റെ ദാസനായ കാലേബിനു വ്യത്യസ്തമായ ഒരു ആത്മാവുള്ളതിനാലും എന്നെ പൂർണ്ണഹൃദയത്തോടെ പിൻപറ്റുന്നതിനാലും, അവൻ പോയ ദേശത്തേക്കു ഞാൻ അവനെ കൊണ്ടുപോകും, അവന്റെ സന്തതികൾ അത് അവകാശമാക്കും.*

അവരിൽ ആരും പ്രവേശിക്കുകയില്ല, എന്നാൽ നീ പ്രവേശിക്കും! എത്ര ശക്തമായ ഒരു പ്രസ്താവനയാണ് ഇതെന്നു നോക്കുക. ആറുലക്ഷം പുരുഷന്മാരിൽ വ്യത്യസ്തനായ ഒരുവൻ. കാലേബിന് വ്യത്യസ്തമായ ഒരു ആത്മാവുണ്ടെന്നും, അവൻ മുഴുവൻ ഹൃദയത്തോടെ ദൈവത്തെ പിന്തുടരുന്നുവെന്നും പറഞ്ഞത് ദൈവം തന്നെയാണ്.

തന്റെ ചുറ്റുമുള്ള ലോകം മുഴുവൻ പരാതി പറയുകയും പിറുപിറുക്കുകയും ചെയ്യുമ്പോൾ അവരിൽനിന്നും വ്യത്യസ്തനായി തുടരാൻ കാലെബിന് എത്രമാത്രം കഷ്ടതകളിലൂടെ കടന്നുപോകേണ്ടി വന്നിട്ടുണ്ടാകും?

ലോകം മോശമാണെന്നു പറയാൻ നമുക്ക് എത്രമാത്രം എളുപ്പമാണ്? എന്നാൽ അവരുടെ ഇടയിൽ നാം ജീവിക്കുന്നത് വ്യത്യസ്തമായ ഒരു രീതിയിലാണോ - മുഴുവൻ ഹൃദയത്തോടെ ദൈവത്തെ പിന്തുടർന്ന്? ലോകത്തിന് അനുയോജ്യരായ രീതിയിലാണോ നാം ജീവിക്കുന്നത്, അതോ മനസ്സിനെ പുതുക്കി നമ്മെത്തന്നെ രൂപാന്തരപ്പെടുത്തിയാണോ? (റോമർ 12:2).

### പ്രായോഗികനിർദ്ദേശം:

ദൈവവുമായുള്ള ഒരു വിവാഹ ഉടമ്പടി നമുക്ക് ഏറ്റുപറയാം. ഞാൻ, ..........., യേശുവിനെ എന്റെ കർത്താവും രക്ഷകനുമായി സ്വീകരിക്കുന്നു. സുഖത്തിലും ദുഖത്തിലും, ആരോഗ്യത്തിലും അനാരോഗ്യത്തിലും, സമ്പത്തിലും ദാരിദ്ര്യത്തിലും, സ്നേഹിക്കുകയും സന്തോഷിക്കുകയും, സ്വന്തമായി മുറുകെപ്പിടിച്ചു

കൊള്ളുകയും, മരണവരെയും വിശ്വസ്തമായി ജീവിക്കുകയും ചെയ്യുമെന്ന് വാഗ്ദാനം ചെയ്യുന്നു.

ദിനം 9

## ശാപത്തെ അനുഗ്രഹമായി മാറ്റിയ ആത്മാവ്

സംഖ്യ 24:1–2, 10

*1എന്നാൽ, യിസ്രായേലിനെ അനുഗ്രഹിക്കുന്നത് യഹോവയ്ക്കു പ്രസാദമായി എന്നു ബിലെയാം കണ്ട പ്പോൾ, മുമ്പുചെയ്തതുപോലെ ആഭിചാരത്തിനു പോകാതെ മരുഭൂമിക്കുനേരെ തന്റെ മുഖം തിരിച്ചു. 2ഗോത്രം ഗോത്രമായി യിസ്രായേൽ പാളയമടിച്ചു പാർക്കുന്നത് ബിലെയാം നോക്കിക്കണ്ടപ്പോൾ ദൈവ ത്തിന്റെ ആത്മാവ് അയാളുടെ മേൽ വന്നു, 3അയാൾ തന്റെ അരുളപ്പാട് അറിയിച്ചു.*
*10അപ്പോൾ ബിലെയാമിനെതിരെ ബാലാക്കിന്റെ കോപം ജ്വലിച്ചു. അയാൾ തന്റെ കൈ ഞെരിച്ചുകൊ ണ്ടു പറഞ്ഞു. എന്റെ ശത്രുക്കളെ ശപിക്കാനാണു ഞാൻ താങ്കളെ വിളിച്ചുവരുത്തിയത്. എന്നാൽ താങ്കൾ അവരെ ഈ മൂന്നു തവണയും അനുഗ്രഹിച്ചിരിക്കുന്നു.*

തിരശ്ശീലയ്ക്കു പിറകിൽനിന്നുകൊണ്ട് ദൈവം പ്രവർത്തിക്കുന്ന കാര്യങ്ങൾ എന്തെന്ന് അറിയാനോ മന സ്സിലാക്കാനോ നമുക്കു ചിലപ്പോൾ കഴിയില്ലായിരിക്കും. ദൈവം അനുഗ്രഹിക്കാൻ തീരുമാനിച്ചാൽ, അവിടുത്തേക്ക് ആരെയും ഉപയോഗിക്കാനാകും, ഏതു സ്ഥലവും ഉപയോഗിക്കാനാകും, ഏതു സാഹ ചര്യവും ഉപയോഗിക്കാനാകും. താൻ പ്രവൃത്തിക്കാൻ ആഗ്രഹിക്കുന്നതിൽനിന്നും ദൈവത്തെ തടയാൻ ആർക്കും സാദ്ധ്യമല്ല.

ഇവിടുത്തെ പശ്ചാത്തലം നോക്കുക, ദൈവജനതയെ ശപിക്കാനായി തന്നാലാകുന്ന കാര്യങ്ങളെല്ലാം ബിലെയാം സ്വരുക്കൂട്ടി, എന്നാൽ ദൈവാത്മാവ് ശാപവാക്കുകളെ അനുഗ്രഹവാക്കുകളാക്കി മാറ്റി.

നമ്മെ അനുഗ്രഹിക്കത്തക്കവിധത്തിൽ ദൈവത്തിനു നമ്മോടു പ്രസാദമുണ്ടോ എന്നത് നാം നമ്മോടു തന്നെ ചോദിക്കേണ്ട ഒരു ചോദ്യമാണ്. ബിലെയാം കൈകൾ കൂട്ടി തിരുമ്മി പല്ലുകടിച്ചു നിൽക്കുന്ന ഒരു കാഴ്ച ഒന്നു സങ്കൽപ്പിച്ചു നോക്കുക!

പ്രായോഗികനിർദ്ദേശം:
ഇതുപോലെയുള്ള ഒരു സാഹചര്യത്തിലൂടെ നിങ്ങൾ കടന്നുപോയിട്ടുണ്ടോ? നിങ്ങളെ കുടുക്കാനോ ശപിക്കാനോ ഒക്കെ ആരെങ്കിലും ശ്രമിച്ചത് നിങ്ങൾക്ക് രക്ഷയും അനുഗ്രഹവുമായി പരിണമിച്ച ഒരു സാഹചര്യം? ദൈവത്തിന്റെ സ്നേഹത്തെയും ശക്തിയെയും സമയക്ലിപ്തതയെയും ഓർത്ത് ദൈവ ത്തിനു നന്ദി കരേറ്റുക.

ദിനം 10

## നേതൃത്വത്തിന്റെ ആത്മാവ്

സംഖ്യ 27:18–20

*18ആകയാൽ യഹോവ മോശെയോട്: നൂനിന്റെ മകനും, എന്റെ ആത്മാവുമുള്ള പുരുഷനുമായ യോശു വയെ വിളിച്ച് നിന്റെ കൈ അവന്റെമേൽ വയ്ക്കുക. 19പുരോഹിതനായ എലെയാസെരിന്റെയും സർവ്വ സഭയുടെയും മുമ്പാകെ നിർത്തി അവരുടെ സാന്നിദ്ധ്യത്തിൽ അവനെ അധികാരം ഏല്പ്പിക്കുക. 20നിന്റെ അധികാരത്തിൽ കുറെ അവനു കൊടുക്കുക. അങ്ങനെ യിസ്രായേൽമക്കളുടെ സഭമുഴുവനും അവനെ അനുസരിക്കും.*

നേതൃത്വത്തെക്കുറിച്ചു നാം ചിന്തിക്കുമ്പോൾ, മോശയെപ്പോലെ വിശിഷ്ടനായ ഒരു നായകൻ വേറെയി ല്ല. ആറുലക്ഷം ഉത്തമപുരുഷന്മാരടങ്ങിയ വലിയ ഒരു ജനക്കൂട്ടത്തെ നയിച്ച ഒരാൾ. എപ്രകാരം മോശ ഇതെല്ലാം ചെയ്തു എന്നു ചിന്തിക്കാൻ പോലും സാദ്ധ്യമല്ല. തീർച്ചയായും ദൈവമാണ് മോശയെ ശക്ത മായി നയിച്ചത്.

മോശയുടെ അഭാവത്തിലേക്ക് മറ്റൊരാളെ ഇപ്പോൾ നിയമിക്കേണ്ടതുണ്ട്. എന്നാൽ ഈ ദൗത്യം യോശുവയെ ദൈവം ഏല്പിക്കുന്നതു നാം കാണുന്നു. നായകത്വത്തിന്റെ ആത്മാവുള്ള പുരുഷൻ എന്ന് ദൈവം യോശുവയെക്കുറിച്ചു സംസാരിക്കുന്നത് നാം കാണുന്നു. ഇതിനുമുമ്പുള്ള കാലഘട്ടത്തിലാകട്ടെ, ചെറുപ്പക്കാരനായ യോശുവ മോശയോടൊപ്പം ജീവിച്ച് അദ്ദേഹത്തെ സഹായിക്കുന്നത് നാം കാണുന്നു. അങ്ങനെ, മിക്കവാറും നായകർ ഉയർന്നുവരുന്നത് മുമ്പു നായകനായിരുന്ന വ്യക്തിയെ പിന്തുടരുന്ന ഒരുവ്യക്തിയിൽനിന്നുമാണെന്നു നമുക്കു കാണാനാകും.

നായകത്വം നിലനിൽക്കുന്നത് ഒരു സ്ഥാപനത്തിലോ സഭയിലോ മാത്രമല്ല, എല്ലാ വീടുകളിലും കൂടിയാണ്. ഓരോ പിതാവും മാതാവും മുതിർന്നവരും ഒരു നായകനാണ്. കുട്ടികളോ യുവജനതകളോ ഒക്കെ മുതിർന്നവരെ നോക്കുകയും അവരെ അനുകരിക്കുകയും ചെയ്തുകൊണ്ട് അവരെപ്പോലെയാകണമെന്ന് ആഗ്രഹിക്കുന്നു.

### പ്രായോഗികനിർദ്ദേശം:
നിങ്ങളുടെ കുടുംബത്തിലും, മിനിസ്ട്രിയിലും, ജോലിസ്ഥലത്തുമെല്ലാം എത്ര നല്ല ഒരു നായകനാണു നിങ്ങൾ? ദൈവത്തോടുള്ള നിങ്ങളുടെ സമർപ്പണത്തെ നോക്കി കണ്ടുവളരുന്ന യുവവ്യക്തികൾ നിങ്ങളോടു പറ്റിച്ചേർന്നുണ്ടോ?

ദിനം 11
# ആത്മാവിന്റെ ശക്തി

### ന്യായാധിപർ 3:9–11
*9എന്നാൽ യിസ്രായേൽമക്കൾ യഹോവയോടു നിലവിളിച്ചു. അപ്പോൾ യഹോവ, കാലേബിന്റെ അനുജനായി കെനസിന്റെ മകൻ ഒത്നിയേലിനെ അവരുടെ രക്ഷകനായി എഴുന്നേല്പിച്ചു; അയാൾ അവരെ രക്ഷിച്ചു. 10യഹോവയുടെ ആത്മാവ് അയാളുടെമേൽവന്നു. അയാൾ യിസ്രായേലിനു ന്യായാധിപനായി. അവർ യുദ്ധത്തിനു പുറപ്പെട്ടു. യഹോവ മെസോപൊത്താമ്യയിലെ രാജാവായ കൂശൻരിശാഥയീമിനെ ഒത്നിയേലിന്റെ കൈയിൽ ഏല്പിച്ചു; അവൻ കൂശൻരിശാഥയീമിനെ ജയിച്ചു. 11കെനസിന്റെ മകനായ ഒത്നിയേലിന്റെ മരണംവരെ ദേശത്തിനു നാല്പതുവർഷം സ്വസ്ഥത ഉണ്ടായി.*

ആത്മാവിന്റെ ശക്തി വലിയരീതിയിൽ വെളിവാക്കപ്പെടുന്ന ഒരു പുസ്തകമാണ് ന്യായാധിപരുടേത്, അതു തുടങ്ങുന്നത് ഒത്നിയേലിലൂടെയാണ്. ദൈവാത്മാവ് ഗിദെയോനിലും (6:34), യിഫ്താഹിലും (11:29), ശിംശോനിലുമെല്ലാം (14:6) ശക്തമായി പ്രവർത്തിക്കുന്നത് നമുക്കു കാണാം.

അവരിലെല്ലാം പൊതുവായി നാം കാണുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?
- യുദ്ധം ചെയ്ത് യിസ്രായേലിനെ മോചിപ്പിച്ചു
- നാട്ടിൽ സമാധാനം സ്ഥാപിതമായി.

ആശയറ്റസാഹചര്യങ്ങൾ മാറ്റിയെടുത്ത് സമാധാനം സ്ഥാപിതമാക്കാൻ ദൈവത്തിനു നമ്മെ ഉപയോഗിക്കാൻ സാധിക്കും. സിംഹത്തെപ്പോലും വലിച്ചുകീറാൻ ആത്മാവിനു നമ്മെ സഹായിക്കാനാകും.

### പ്രായോഗികനിർദ്ദേശം:
നിങ്ങളെ/നിങ്ങളുടെ കുടുംബത്തെ ദൈവം വിടുവിച്ച ഒരു സമയത്തെക്കുറിച്ച് ഓർക്കുക. അല്ലെങ്കിൽ മറ്റുള്ളവരെ വിടുവിക്കാൻ ദൈവം നിങ്ങളെ ഉപയോഗിച്ചതിനെക്കുറിച്ച് ഓർക്കുക. ദൈവം ചെയ്ത പ്രവൃത്തികളെപ്രതി ദൈവത്തെ സ്തുതിക്കുക.

ദിനം 12

# ആത്മാവ് നിങ്ങളെ വ്യത്യസ്തവ്യക്തിയാക്കി മാറ്റുന്നു

1 ശമുവേൽ 10:6–7

*6അപ്പോൾ ദൈവാത്മാവ് നിന്റെമേൽ ശക്തിയോടെ വന്ന് ആവസിക്കും; നീയും അവരോടൊത്തു പ്രവചിക്കും. നീ മറ്റൊരാളായി മാറും. 7ഈ അടയാളങ്ങളെല്ലാം നിറവേറുമ്പോൾ നിനക്കു യുക്തമെന്നുതോന്നുന്നതു ചെയ്തുകൊള്ളുക; യഹോവ നിന്നോടുകൂടെയുണ്ട്.*

വളരെശക്തനായ ഒരുവൻ വന്നിട്ട് നമ്മോട് ഇപ്രകാരം പറയുന്നുവെന്നു സങ്കൽപ്പിക്കുക: നീ നിനക്കിഷ്ടമുള്ളതെല്ലാം ചെയ്തുകൊള്ളുക, ഞാൻ നിന്റെ കൂടെയുണ്ട് എന്ന്. ശമുവേൽ ശൗലിനോടു പറഞ്ഞതും ഇപ്രകാരമാണ്. എന്നാൽ വ്യവസ്ഥകൾ ബാധകമായിരുന്നു.

അവനു യുക്തമെന്നു തോന്നുന്നതു ചെയ്യുന്നതിനുമുമ്പ് ചില കാര്യങ്ങൾ നിറവേറണമായിരുന്നു - ദൈവാത്മാവ് അവനിൽ ആവസിക്കും, അവൻ പ്രവചിക്കും, അവൻ വ്യത്യസ്തനായ ഒരു വ്യക്തിയായിത്തീരും.

സങ്കീർത്തനം 1:3ൽ നമുക്കുമുന്നിൽ വച്ചിരിക്കുന്ന വാഗ്ദാനവും ഏകദേശം ഇതുപോലുള്ള ഒന്നാണ്. ആറ്ററികത്തു നട്ട വൃക്ഷംപോലെയുള്ള ഒരു വ്യക്തി, യഥാസമയം ഫലം കായ്ക്കുകയും ഇലവാടിപ്പോകാത്തതുമായ വ്യക്തി, ചെയ്യുന്നതെന്തിലും ഐശ്വര്യം അനുഭവിക്കുന്ന വ്യക്തി.

പ്രായോഗികനിർദ്ദേശം:
ഒന്നാം സങ്കീർത്തനത്തിലൂടെ ധ്യാനിക്കുക.

ദിനം 13

# ദൈവാത്മാവ് വിട്ടുപോയി

1 ശമുവേൽ 16:14–16

*14എന്നാൽ യഹോവയുടെ ആത്മാവു ശൗലിനെ വിട്ടകന്നു. യഹോവ അയച്ച ഒരു ദുരാത്മാവ് അയാളെ പീഡിപ്പിച്ചു. 15ശൗലിന്റെ ഭൃത്യന്മാർ അയാളോടു പറഞ്ഞു: യഹോവ അയച്ച ഒരു ദുരാത്മാവ് അങ്ങയെ ബാധിച്ചിരിക്കുന്നു. 16കിന്നരം വായനയിൽ നിപുണനായ ഒരാളെ തിരഞ്ഞു കണ്ടുപിടിക്കുവാൻ അടിയങ്ങൾക്കു കല്പന തന്നാലും! യഹോവയിൽനിന്ന് ദുരാത്മാവ് അങ്ങയുടെമേൽ വരുമ്പോൾ അയാൾ കിന്നരം വായിക്കും. തിരുമനസ്സിലേക്ക് ആശ്വാസം തോന്നുകയും ചെയ്യും.*

ദൈവാത്മാവ് വിട്ടകന്നു എന്നത് കേൾക്കാൻ ഒട്ടുംതന്നെ പ്രോത്സാഹനം പകരുന്ന ഒരു കാര്യമല്ല. എന്നാൽ അതുമാത്രമല്ല, യഹോവയിൽനിന്നുമുള്ള ഒരു ദുരാത്മാവ് ശൗലിനെ ഉപദ്രവിക്കുകയും ചെയ്തു.

ശൗലിന്റെ ഭൃത്യന്മാർ അദ്ദേഹത്തോടു സംസാരിച്ച വാക്കുകൾ നോക്കുക: *യഹോവ അയച്ച ഒരു ദുരാത്മാവ് അങ്ങയെ ബാധിച്ചിരിക്കുന്നു.* ശൗലിന്റെ കൂടെയുണ്ടായിരുന്ന ഭൃത്യന്മാർക്കുപോലും ഇക്കാര്യം മനസ്സിലാക്കാൻ സാധിച്ചിരുന്നുവെങ്കിലും തന്നെ ബാധിച്ചിരുന്ന ദുരാത്മാവിന്റെ സാന്നിദ്ധ്യം ശൗലിനു മനസ്സിലാക്കാൻ സാധിച്ചില്ല. നമ്മുടെ ആത്മീയ അവസ്ഥയെ, നമുക്കു കാണാൻ കഴിയുന്നതിലും കൂടുതൽ വ്യക്തമായി നമ്മെ കാണുന്നവർക്കു മനസ്സിലാക്കാൻ സാധിക്കും എന്നതാണു സത്യം.

ശൗലിനു സമാശ്വാസം ലഭിക്കാൻ കിന്നരം വായിച്ചുകൊടുക്കുന്നതു സഹായിക്കുമെന്ന് നിർദ്ദേശം വന്നു. നാം ഉപദ്രവിക്കപ്പെടുന്ന സമയത്ത് ഗീതങ്ങൾ പാടുകയോ കേൾക്കുകയോ ചെയ്യുന്നത് ഗുണപ്രദമായിരിക്കും. കാരണം നമ്മിലെ ആത്മാവിന്റെ ആഴങ്ങൾ വേർതിരിച്ചുതരാനുള്ള കഴിവ് ആത്മീയഗീതങ്ങൾക്കുണ്ട്.

പ്രായോഗികനിർദ്ദേശം:
നിങ്ങൾക്കു പ്രിയപ്പെട്ട ചില ഗീതങ്ങൾ ആലപിക്കുക.

ദിനം 14

## പടയാളികളെ ആരാധിക്കുന്നവരാക്കിയ ദൈവാത്മാവ്

1 ശമുവേൽ 19:19–21, 23

*19ദാവീദു രാമയിലെ നയ്യോത്തിലുണ്ടെന്ന് ശൗലിന് അറിവുകിട്ടി. 20അതിനാൽ ദാവീദിനെ പിടിക്കാൻ ശൗൽ ആളുകളെ അയച്ചു. എന്നാൽ ഒരു കൂട്ടം പ്രവാചകന്മാർ ശമുവേലിന്റെ നേതൃത്വത്തിൽ പ്രവചിച്ചു കൊണ്ടിരിക്കുന്നതായി ശൗലിന്റെ ദൂതന്മാർ കണ്ടു. ദൈവാത്മാവ് അവരെയും ആവേശിച്ചു. അവരും പ്രവചിച്ചുതുടങ്ങി. 21ഇതറിഞ്ഞ് ശൗൽ കൂടുതൽ ദൂതന്മാരെ അയച്ചു. അവരും പ്രവചിച്ചുതുടങ്ങി. ശൗൽ മൂന്നാം പ്രാവശ്യവും ദൂതന്മാരെ അയച്ചു. അവരും പ്രവചിച്ചു തുടങ്ങി.*
*23അങ്ങനെ ശൗൽ രാമയിലെ നയ്യോത്തിലെത്തി. എന്നാൽ ദൈവാത്മാവ് ശൗലിന്റെമേൽ വന്നു. അയാൾ നയ്യോത്തിലെത്തുവോളം പ്രവചിച്ചുംകൊണ്ടു നടന്നു.*

പരിശുദ്ധാത്മാവിന്റെ അസാധാരണമായ ഒരു പ്രവൃത്തിയാണ് നാം ഇവിടെ കാണുന്നത്. ദൈവത്തെ അന്വേഷിക്കാത്ത ആളുകളുടെമേലും, ആത്മാവിൽ നിറയണമെന്ന് ആഗ്രഹിക്കാത്ത ആളുകളുടെമേലും ആത്മാവ് ആവസിക്കുക എന്നത്. ദാവീദിനെ സംരക്ഷിക്കാനായി ദൈവം ഒരുക്കിയ ഒരു വലയമായിരുന്നു ഇത്. ദാവീദിനെ പിടികൂടായി വന്ന ആളുകളെ നിരായുധമാക്കിയ ദൈവത്തിന്റെ വഴി. പ്രവചിക്കുക എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്ന ഹീബ്രൂ വാക്കിന് സ്തുതിഗീതങ്ങൾ ആലപിച്ചു ദൈവത്തെ സ്തുതിക്കുക എന്നും വരുവാൻ പോകുന്ന കാര്യങ്ങൾ മുൻകൂട്ടി പറയുക എന്നും അർത്ഥമുണ്ട്.

ദാവീദിനെയും ശൗലിനെയും ദൈവം സംരക്ഷിച്ചു, പടയാളികളെ ഉപയോഗിച്ചല്ല, പകരം പരിശുദ്ധാത്മാവിനെ അയച്ച് പടയാളികളെ ആരാധകർ ആക്കിക്കൊണ്ടായിരുന്നു ഇത്. പോരാട്ടത്തിനുള്ള ഞങ്ങളുടെ ആയുധങ്ങൾ ജഡികമല്ല, നേരെമറിച്ച് കോട്ടകളെ തകർത്തുകളയുവാൻതക്ക ദിവ്യശക്തിയുള്ളവയാണ് (2 കൊരിന്ത്യർ 10:4).

പ്രായോഗികനിർദ്ദേശം:

നിങ്ങളുടെ ആരാധന എപ്രകാരം പോകുന്നു? നിങ്ങളുടെ ആരാധനയിൽ മെച്ചമാക്കേണ്ട കാര്യങ്ങൾ ഏവയാണ്, എങ്ങനെ മികച്ച ആരാധകരാകാൻ നിങ്ങൾക്കു കഴിയും?

ദിനം 15

## നിർദ്ദേശങ്ങളും മുന്നറിയിപ്പുകളും നല്കുന്ന ദൈവാത്മാവ്

നെഹെമിയ 9:20, 30

*20അവരെ ഉപദേശിക്കേണ്ടതിനായി അങ്ങയുടെ നല്ല ആത്മാവിനെ അങ്ങ് നല്കി. അവരുടെ വായിൽനിന്ന് അങ്ങയുടെ മന്നാ നീക്കിയില്ല; അവരുടെ ദാഹത്തിന് അങ്ങ് വെള്ളവും കൊടുത്തു.*
*30ഏറെ വർഷങ്ങൾ അങ്ങ് അവരോട് സഹിഷ്ണുത കാട്ടി. അങ്ങയുടെ ആത്മാവിനാൽ അവിടുത്തെ പ്രവാചകരിലൂടെ അവർക്കു മുന്നറിയിപ്പുനല്കി; എന്നിട്ടും അവർ ശ്രദ്ധിച്ചില്ല. അതുകൊണ്ട് അങ്ങ് അവരെ ദേശത്തെ ജനതകളുടെ കൈയിൽ ഏല്പിച്ചു.*

- വാ 22 - ദൈവം തന്റെ ജനതയ്ക്കു നന്മനല്കുകയും അവരെ അനുഗ്രഹിക്കുകയും ചെയ്തിടത്തു നിന്ന് ഒരു ചക്രം തുടങ്ങുന്നു.
- വാ 26 - സമാശ്വാസവും സമ്പന്നതയും കൈവരിച്ച ദൈവജനത ദൈവത്തെ മറന്നു ദൈവത്തിൽ നിന്നും തിരിഞ്ഞുമാറുന്നു.
- വാ 27 - അപ്പോൾ ദൈവം അവരെ തിരുത്തുന്നു, തന്റെ ജനതയ്ക്ക് ഒരു ഉണർത്തുവിളി നല്കുന്നു.
- വാ 27 - അതുശ്രവിക്കുന്ന ദൈവജനത ദൈവത്തിലേക്കു തിരിച്ചുവരുന്നു.
- വാ 28 - അനുഗ്രഹവും സംതൃപ്തിയും ലഭിച്ച ദൈവജനത വീണ്ടും ദൈവത്തിൽ നിന്നും പിന്തിരിഞ്ഞു പോകുന്നു. ഈ ചക്രം തുടരുന്നു.
- വാ 31 - ഓരോ തവണയും ഈ ചക്രം തിരിയുന്നതനുസരിച്ച് ജനത്തിന്റെ പ്രവൃത്തികൾ കൂടുതൽ കൂടുതൽ വഷളായി മാറുന്നു. എന്നാൽ ദൈവം മാറുന്നില്ല.

പ്രായോഗികനിർദ്ദേശം:
നെഹെമിയ പുസ്തകത്തിലെ ഒൻപതാം അദ്ധ്യായം വായിച്ചു ധ്യാനിക്കുക, എപ്രകാരമാണ് ആത്മാവ് നിർദ്ദേശങ്ങൾ നല്കുന്നതെന്നും മുന്നറിപ്പു നല്കുന്നതെന്നും പരിശോധിക്കുക. എപ്രകാരമാണ് ദൈവം തന്റെ ഉടമ്പടിസ്നേഹം നിലനിർത്തുന്നത് എന്നും പരിശോധിക്കുക.

ദിനം 16

## നമ്മെ സൃഷ്ടിച്ച ദൈവാത്മാവ്

ഇയ്യോബ് 33:3–6

*3എന്റെ ഹൃദയത്തിന്റെ നേരിൽനിന്നുള്ളവയാണ് എന്റെ വാക്കുകൾ: എന്റെ അധരങ്ങൾ ആത്മാർത്ഥത യോടെ പരിജ്ഞാനം സംസാരിക്കുന്നു. 4ദൈവത്തിന്റെ ആത്മാവ് എന്നെ സൃഷ്ടിച്ചു; സർവ്വശക്തന്റെ ശ്വാസം എനിക്കു ചൈതന്യം നല്കുന്നു. 5നിനക്കു കഴിയുമെങ്കിൽ എന്നോടുത്തരം പറയുക; എന്റെ മുമ്പാകെ നിന്റെ വാദങ്ങൾ നിരത്തിവച്ച് ഉറച്ചു നില്ക്കുക. 6നോക്കുക, ഞാനും നിന്നെപ്പോലെ ദൈവ ത്തിൽനിന്നുള്ളവൻതന്നെ. എന്നെയും മണ്ണിൽനിന്നുതന്നെ മനഞ്ഞിരിക്കുന്നു.*

ഇയ്യോബിനോടുള്ള എലീഹുവിന്റെ വാക്കുകളാണ് മുകളിൽ നല്കിയിരിക്കുന്നത്. ദൈവത്തിനുമുന്നിൽ ഇയ്യോബിനുവേണ്ടി അർത്ഥപൂർണ്ണമായി സംസാരിക്കാം എന്ന് എലീഹു വിചാരിച്ചിട്ടുണ്ടാകണം. മനു ഷ്യർ കടന്നുപോകുന്ന സഹനങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ നിർണ്ണായകമായ ഒരു വ്യതിയാനം എലീ ഹുവിന്റെ ഈ സംസാരം കൊണ്ടുവരുന്നു.

ഇയ്യോബു കടന്നുപോകുന്ന കഷ്ടപ്പാടുകൾ ദൈവം ഇയ്യോബിന്റെ പാപങ്ങൾക്കു നല്കുന്ന ശിക്ഷയാ ണെന്ന വാദമായിരുന്നു ഇയ്യോബിന്റെ സുഹൃത്തുക്കൾക്കുണ്ടായിരുന്നത്. എന്നാൽ സംസാരത്തിലേക്കു പിന്നീടു കടന്നുവന്ന എലീഹുവാകട്ടെ, പാപത്തിൽ അകപ്പെടുന്നതിൽനിന്നും മനുഷ്യനെ സംരക്ഷിക്കാ നായി ദൈവം സഹനങ്ങൾ നല്കുന്നു എന്ന ഒരു വാദമുഖമാണ് ഉന്നയിക്കുന്നത്. മറ്റുവാക്കുകളിൽ പറ യുമ്പോൾ, സഹനങ്ങൾ ശിക്ഷയെന്ന രീതിയിലല്ല മറിച്ച് സുരക്ഷ ഏർപ്പെടുത്തുന്ന രീതിയിലാണ് നമുക്കു നല്കുന്നത് എന്ന ചിന്തയാണിത്. കാരണം, ദൈവാത്മാവാണ് നമ്മെ സൃഷ്ടിച്ചത്.

വാക്യം 28. അവിടുന്ന് എന്റെ പ്രാണനെ കുഴിയിൽനിന്നു വിടുവിച്ചു; എന്റെ ജീവൻ വെളിച്ചം കാണും.

പ്രായോഗികനിർദ്ദേശം:
ജീവന്റെ വെളിച്ചത്തെ ആസ്വദിച്ചു ജീവിക്കാൻവേണ്ടുന്ന സകല പ്രയത്നങ്ങളും നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാക്കുക.

ദിനം 17

## ഭൂമിയുടെ മുഖത്തെ പുതുക്കുന്ന ആത്മാവ്

സങ്കീർത്തനം 104:27–30

*27തക്കസമയത്ത് ആഹാരം ലഭിക്കുവാൻ ഇവയെല്ലാം അങ്ങയെ നോക്കിയിരിക്കുന്നു. 28അങ്ങ് അത് നല്കുമ്പോൾ അവ ശേഖരിക്കുന്നു; അങ്ങ് കൈ തുറക്കുമ്പോൾ അവ നന്മകൊണ്ട് തൃപ്തരാകുന്നു. 29അങ്ങ് മുഖം മറയ്ക്കുമ്പോൾ അവ പരിഭ്രമിക്കുന്നു; അങ്ങ് അവയുടെ ശ്വാസം എടുക്കുമ്പോൾ അവ ചത്ത് പൊടിയിലേക്കു മടങ്ങുന്നു. 30അങ്ങ് ശ്വാസമയക്കുമ്പോൾ അവ സൃഷ്ടിക്കപ്പെടുന്നു. അങ്ങ് ഭൂമി യുടെ മുഖത്തെ പുതുക്കുന്നു.*

ലോകസൃഷ്ടിയുടെ ആദ്യദിവസത്തിൽത്തന്നെ ദൈവാത്മാവ് വെള്ളത്തിനുമുകളിൽ വ്യാപരിച്ചുകൊ ണ്ടിരുന്നത് നാം കാണുന്നു. മഞ്ഞുരുകി വസന്തം തുടങ്ങുമ്പോൾ സൃഷ്ടികളിൽ പുതുജീവൻ പകരു ന്നതും അതേ ആത്മാവുതന്നെയാണ്. ദൈവത്തിന്റെ പുതുസൃഷ്ടിയായ സഭയിൽ ജീവനും ശക്തിയും പകരുന്നതും ആത്മാവുതന്നെയാണ്.

പ്രകൃതിയെ വലിയരീതിയിൽ വരുതിയിലാക്കാൻ മനുഷ്യവംശത്തിനു സാധിച്ചുവെന്നത് വാസ്തവമാണെങ്കിലും, മരണവും ജീവനുമൊക്കെ ദൈവത്തിന്റെ കരങ്ങളിൽത്തന്നെ ഭദ്രമായി ഇരിക്കുന്ന കാര്യങ്ങളാണ്. ദൈവത്തെ അവഗണിക്കുകയും, ദൈവത്തിനെതിരെ തിരിയുകയും, ദൈവം നല്കുന്ന ദാനങ്ങൾക്ക് യാതൊരുവിധത്തിലും നന്ദികരേറ്റുകയും ചെയ്യാത്ത ഒരു ലോകത്തോടു ദൈവം കാണിക്കുന്ന വലിയമനസ്സ് എത്ര ശ്രേഷ്ഠമാണ്?

അതുകൊണ്ടു ഞങ്ങൾ അധൈര്യപ്പെടുന്നില്ല. ഞങ്ങളിലെ ബാഹ്യമനുഷ്യൻ ക്ഷയിച്ചുകൊണ്ടിരിക്കുന്നുവെങ്കിലും ആന്തരികമനുഷ്യൻ നാൾക്കുനാൾ പുതുക്കം പ്രാപിച്ചുകൊണ്ടിരിക്കുന്നു (2 കൊരിന്ത്യർ 4:16)

പ്രായോഗികനിർദ്ദേശം:
നാൾക്കുനാൾ നമ്മെ പുതുക്കുന്നതിനു ദൈവത്തോടു നന്ദി പറയുക. നിങ്ങളുടെ ആത്മീയ യാത്രയിൽ നിങ്ങളെ രൂപാന്തരപ്പെടുത്തിയ വചനങ്ങളെ ഓർക്കുക.

ദിനം 18

# എവിടെയും സന്നിഹിതനായ ദൈവാത്മാവ്

സങ്കീർത്തനം 139:7-8
*7അവിടുത്തെ ആത്മാവിനെവിട്ട് ഞാൻ എവിടേക്കു പോകും? അവിടുത്തെ സന്നിധിവിട്ട് ഞാൻ എവിടെ ഓടിയൊളിക്കും? 8ഞാൻ സ്വർഗ്ഗത്തിൽക്കയറിച്ചെന്നാൽ അങ്ങ് അവിടെയുണ്ട്; ഞാൻ പാതാളത്തിൽ കിടക്ക വിരിച്ചാൽ അവിടെയും അങ്ങ് ഉണ്ട്.*

ആത്മാവ് എവിടെയും സന്നിഹിതനാണ്, ഈ പ്രപഞ്ചത്തിന്റെ ഒരു കോണും, ഒരു ദിശയും അവിടുത്തെ മുന്നിൽ മറഞ്ഞിരിക്കുന്നില്ല. ദൈവമഹത്വത്തിന്റെ സാന്നിദ്ധ്യം സ്വർഗ്ഗത്തിൽ കുടികൊള്ളുന്നു; അവിടുത്തെ ശക്തിയുടെ സാന്നിദ്ധ്യം ഭൂമിയിൽ പ്രകടമാകുന്നു; അവിടുത്തെ നീതിയുടെ സാന്നിദ്ധ്യം നരകാഗ്നിയിൽ പ്രത്യക്ഷമാകുന്നു; അവിടുത്തെ കൃപയുടെ സാന്നിദ്ധ്യം അവിടുത്തെ ജനത്തിന്റെമേലും വ്യാപരിക്കുന്നു.

അവിടുത്തെ ദൃഷ്ടിയിൽനിന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല. സകലവും അവിടുത്തെ കണ്ണുകൾക്കു മുമ്പിൽ നഗ്നവും തുറന്നതുമായി കിടക്കുന്നു. അവിടുത്തോടത്രേ നമുക്കു കാര്യമുള്ളത് (എബ്രായർ 4:13).

പ്രായോഗികനിർദ്ദേശം:
നാം നമ്മുടെ പാപങ്ങൾ ഏറ്റുപറയുന്നുവെങ്കിലോ അവിടുന്ന് നമ്മുടെ പാപങ്ങൾ ക്ഷമിച്ച് എല്ലാ അനീതിയിൽനിന്നും നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും അത്രേ (1 യോഹന്നാൻ 1:9). പാപങ്ങൾ ഏറ്റുപറയാൻവേണ്ടി കുറച്ചു സമയം വിനിയോഗിക്കുക.

ദിനം 19

# മിശിഹായുടെമേൽ ആവസിക്കുന്ന ആത്മാവ്

ഏശയ്യാ 11:2-4
*2യഹോവയുടെ ആത്മാവ് അവന്റെമേൽ ആവസിക്കും; ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ്; ആലോചനയുടെയും ശക്തിയുടെയും ആത്മാവ്; പരിജ്ഞാനത്തിന്റെയും യഹോവാഭക്തിയുടെയും ആത്മാവുതന്നെ. 3അവിടുന്ന് യഹോവഭക്തിയിൽ പ്രമോദിക്കും; അവിടുന്ന് തന്റെ കണ്ണുകൾ കാണുന്നതിനെ ആധാരമാക്കി വിധിക്കുകയില്ല; തന്റെ ചെവി കേൾക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഒരു തീരുമാനം ചെയ്കയുമില്ല. 4എന്നാൽ നീതിയോടെ അവിടുന്ന് ദരിദ്രർക്കു ന്യായപാലനം ചെയ്യും; ഭൂമിയിലെ പീഡിതന്മാർക്ക് ന്യായത്തോടെ വിധി കല്പിക്കും. തന്റെ വായ് എന്ന വടികൊണ്ട് അവിടുന്ന് ഭൂമിയെ അടിക്കും; തന്റെ അധരങ്ങളിൽനിന്നുള്ള ശ്വാസത്താൽ ദുഷ്ടനെ കൊല്ലുകയും ചെയ്യും.*

ആത്മാവിനാൽ നയിക്കപ്പെടുന്ന ഒരു വ്യക്തിയാകുമ്പോൾ, നാം ദൈവഭയത്തിൽ ആനന്ദം കണ്ടെത്തും. നമ്മുടെ കണ്ണുകൊണ്ടു കണ്ടതിനെമാത്രം അടിസ്ഥാനമാക്കി വിധിക്കുകയില്ല, നമ്മുടെ കാതുകൊണ്ടു കേട്ടതിന്റെ അടിസ്ഥാനത്തിൽ നാം തീരുമാനങ്ങൾ കൈക്കൊള്ളുകയില്ല.

നീതി നമ്മുടെ ജീവിതത്തിൽ തെളിഞ്ഞു നില്ക്കും. മത്തായി 5:20 – നിങ്ങളുടെ നീതി പരീശന്മാരുടെയും വേദജ്ഞരുടെയും നീതിയെ അതിലംഘിക്കുന്നില്ലെങ്കിൽ നിങ്ങൾ നിശ്ചയമായും സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു.

ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുണ്ടെന്ന് മറ്റുള്ളവർക്കു കാണാൻ കഴിയുന്നുണ്ടോ? ആത്മാവിനാൽ നയിക്കപ്പെടുന്ന ഒരു വ്യക്തിയാണോ നിങ്ങൾ?

പ്രായോഗികനിർദ്ദേശം:
നീതിക്കായി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ അനുഗ്രഹീതർ; അവർ സംതൃപ്തരാകും (മത്തായി 5:6). നിങ്ങളിലെ നീതി ഏതു അവസ്ഥയിലാണുള്ളത്?

ദിനം 20
# ആത്മാവിനാൽ നയിക്കപ്പെടുന്ന പദ്ധതി ആവിഷ്കാരം

ഏശയ്യാ 30:1–3
*1പാപത്തിനുമീതെ പാപം വരുത്തിവയ്ക്കുവാൻ എന്നോടല്ലാതെ ആലോചന ചോദിക്കുകയും എന്റെ ആത്മാവിനെക്കൂടാതെ സഖ്യം ചെയ്കയും ചെയ്യുന്ന മത്സരികളായ മക്കൾക്കു ഹാ കഷ്ടം! 2അവർ എന്നോടരുളപ്പാടു ചോദിക്കാതെ ഫറവോന്റെ സംരക്ഷണയിൽ അഭയം തേടുവാനും ഈജിപ്റ്റിന്റെ നിഴലിൽ ആശ്രയം കണ്ടെത്തുവാനുമായി ഈജിപ്റ്റിലേക്ക് ഇറങ്ങിത്തിരിക്കുന്നു. 3അതിനാൽ ഫറവോന്റെ സംരക്ഷണ നിങ്ങൾക്കു ലജ്ജയായിത്തീരും. ഈജിപ്റ്റിന്റെ നിഴലിൻ കീഴിലുള്ള ആശ്രയം നിങ്ങൾക്ക് അപമാനമായി ഭവിക്കും.*

നമ്മുടെ പദ്ധതികൾ കാണുമ്പോൾ ദൈവത്തിന് എന്താണു തോന്നുക? മത്സരികളായ മക്കൾ എന്നായിരിക്കുമോ? മത്സരികൾ എന്ന വാക്കിന്റെ അർത്ഥമെന്നത്, മർക്കടമുഷ്ടികാണിക്കുന്നവർ, പിടിവാശിയിൽ പെരുമാറുന്നവർ എന്നൊക്കെയാണ്. മറ്റുള്ളവർ നമ്മെ സഹായിക്കാൻ ശ്രമിക്കുമ്പോൾ നമ്മുടെ പ്രതികരണം ഇപ്രകാരമൊക്കെയായിരിക്കും.

ഒരു പാപം മാത്രമായി ഒരാളിൽ കാണാൻ സാദ്ധ്യതയില്ല. ഒരു പാപം ചെയ്യുമ്പോൾ അതിന്റെ ലക്ഷ്യപൂർത്തീകരണത്തിനുവേണ്ടി മറ്റനേകം പാപങ്ങൾക്ക് ഇടനല്കേണ്ടിവരും.

ദൈവത്തെക്കൂടാതെയുള്ള ഒരു സംരക്ഷണം നാം തേടുമ്പോൾ അതു നമ്മുടെ ലജ്ജയ്ക്കും അപമാനത്തിനും ഇടയാകും. ദൈവത്തെ ത്യജിക്കുക എന്നത് ഒരുതരത്തിലുള്ള പാപമാണ്, എന്നാൽ വേറെ എന്തിലെങ്കിലും ആശ്രയിക്കുക എന്നത് വേറെ തലത്തിലുള്ള ഒരു പാപമാണ്.

പ്രായോഗികനിർദ്ദേശം:
നിന്റെ പ്രവൃത്തികൾ യഹോവയ്ക്കു സമർപ്പിക്ക; എന്നാൽ നിന്റെ പദ്ധതികൾ വിജയിക്കും (സദൃശവാക്യം 16:3).

ദിനം 21
# ദൈവത്തിന്റെ വാക്കുകളെ ഒരുമിച്ചു ചേർത്ത ആത്മാവ്

ഏശയ്യാ 34:16–17
*16യഹോവയുടെ പുസ്തകത്തിൽ അന്വേഷിച്ചു വായിച്ചുനോക്കുവിൻ, അവയിൽ ഒന്നും നിഷ്ഫലമാകുകയില്ല; ഒന്നിനും ഇണയില്ലാതെ വരികയുമില്ല. അവിടുത്തെ വായാണ് അവയെ കല്പിച്ചിരിക്കുന്നത്.*

*അവിടുത്തെ ആത്മാവാണ് അവയെ ഒരുമിച്ചു ചേർത്തിട്ടുള്ളത്. 17അവിടുന്ന് അവയ്ക്കായി ചീട്ടിടുകയും അവിടുത്തെ കരം അളവുനൂൽ പിടിച്ച് അവയെ അവർക്കായി വിഭജിക്കയും ചെയ്തിരിക്കുന്നു. അവർ അവയെ എന്നേക്കുമായി കൈവശമാക്കുകയും തലമുറതലമുറയായി അതിൽ പാർക്കുകയും ചെയ്യും.*

നാം എപ്രകാരമാണ് ദൈവവചനത്തെ ആദരിക്കുന്നത്? യഹോവയുടെ പുസ്തകത്തിൽ അവയെതേടുകയും വായിക്കുകയും ചെയ്യുന്നത്? എത്രശക്തമായ ഒരു വചനമാണ് നാം ഇവിടെ വായിച്ചത്!

ദൈവത്തിന്റെ ജ്ഞാനത്തെ നമുക്ക് എങ്ങനെ, എപ്പോൾ കണ്ടെത്താൻ കഴിയും? സദൃശവാക്യം 2:1-5: 1മകനേ, ജ്ഞാനത്തിനു ചെവികൊടുക്കുകയും, ബോധത്തിനു ഹൃദയം ചായിക്കുകയും ചെയ്യേണ്ടതിനായി 2നീ എന്റെ വചനങ്ങൾ സ്വീകരിക്കുകയും എന്റെ കല്പനകൾ ഉള്ളിൽ കരുതുകയും ചെയ്യുമെങ്കിൽ, 3ജ്ഞാനത്തിനായി നീ വിളിക്കുകയും വിവേകത്തിനായി നിലവിളിക്കുകയും ചെയ്താൽ, 4അതിനെ വെള്ളി എന്നപോലെ അന്വേഷിക്കുകയും ഗുപ്തനിധിക്കെന്നപോലെ തിരയുകയും ചെയ്താൽ, 5നീ യഹോവാഭക്തി ഗ്രഹിക്കുകയും പരിജ്ഞാനം കണ്ടെത്തുകയും ചെയ്യും.

പ്രായോഗികനിർദ്ദേശം:
നിങ്ങൾ കണ്ടെത്തണമെന്നാഗ്രഹിക്കുന്ന ഒരു നിർദ്ദേശത്തിനുവേണ്ടി ദൈവവചനത്തിൽ തിരയുക.

ദിനം 22

## ദൈവാത്മാവിനെ വഴികാണിക്കുന്നത് ആര്?

ഏശയ്യാ 40:13-14

*13യഹോവയുടെ മനസ്സിനെ ആരാഞ്ഞറിയുകയോ അവിടുത്തെ ഉപദേഷ്ടാവായി കാര്യങ്ങൾ ഗ്രഹിപ്പിച്ചുകൊടുക്കുകയോ ചെയ്തവൻ ആര്? 14ന്യായത്തിന്റെ വഴിയിൽ അവിടുത്തെ ഉപദേശിക്കുകയും അവിടുത്തേക്കു ബുദ്ധിയുപദേശിച്ചു ന്യായത്തിന്റെ മാർഗ്ഗം അവിടുത്തെ അറിയിക്കുകയും ചെയ്യേണ്ടതിന് ആരോടാണ് അവിടുന്ന് ആലോചന ചോദിച്ചിട്ടുള്ളത്?*

ദൈവത്തെക്കുറിച്ചു പറയുമ്പോൾ നമ്മെ അമ്പരപ്പിക്കുന്ന മറ്റൊരു കാര്യമാണ് അവിടുത്തെ വലിയ ജ്ഞാനം. ഭൂമിയിലെ പൊടിയുടെ അളവും, പർവ്വതങ്ങളുടെയും കുന്നുകളുടെയും ഭാരവും മനസ്സിലാക്കാനുള്ള കലർപ്പില്ലാത്ത ബുദ്ധി ദൈവത്തിനുണ്ട്.

എന്നാൽ അതിലുമുപരിയായി, തനിക്കുള്ള അറിവ് എപ്രകാരം ഉപയോഗിക്കണം എന്ന കാര്യത്തിലുള്ള ജ്ഞാനം ദൈവത്തിനുണ്ട്. ദൈവത്തിന്റെ ജ്ഞാനത്തിന്റെ അളവ് അത്രയ്ക്ക് വലുതാണ്, ദൈവാത്മാവിനെ ആരും നയിക്കേണ്ടതില്ല, ദൈവത്തിനു ബുദ്ധി ഉപദേശിച്ചുകൊടുക്കാൻ ആർക്കും കഴിയില്ല.

ദൈവത്തിന് ബുദ്ധിയുപദേശവും, നിർദ്ദേശവും വേണ്ട; ദൈവത്തിന് അദ്ധ്യാപകരെ ആവശ്യമില്ല, തിരിച്ചറിവിന്റെ പാഠങ്ങൾ അവിടുത്തെ മനസ്സിലാക്കിക്കൊടുക്കേണ്ടതുമില്ല.

പ്രായോഗികനിർദ്ദേശം:
നമ്മുടെ ജീവിതത്തിലെ ഏറ്റവും മികച്ച വഴികാട്ടിയായ ആത്മാവിനു നന്ദി കരേറ്റുക.

ദിനം 23

## ആത്മാവിനെ ദുഖിപ്പിക്കരുത്

ഏശയ്യാ 63:8-10

*8അവർ എന്റെ ജനം, വ്യാജം പറയാത്ത മക്കൾ എന്നു പറഞ്ഞുകൊണ്ട് അവിടുന്നു അവർക്കു രക്ഷകനായിത്തീർന്നു. 9അവരുടെ കഷ്ടതയിൽ അവിടുന്നു കഷ്ടതയനുഭവിച്ചു; അവിടുത്തെ സമ്മുഖദൂതൻ അവരെ രക്ഷിച്ചു. തന്റെ സ്നേഹത്തിലും അനുകമ്പയിലും അവിടുന്നു അവരെ വീണ്ടെടുത്തു. പുരാതന കാലത്തെല്ലാം അവിടുന്നു അവരെ ചുമന്നുകൊണ്ടുനടന്നു. 10എങ്കിലും അവർ മത്സരിച്ച് അവിടുത്തെ*

*പരിശുദ്ധാത്മാവിനെ ദുഃഖിപ്പിച്ചു. അതിനാൽ അവിടുന്ന് അവർക്ക് ശത്രുവായിത്തീർന്ന് അവർക്കെതിരായി യുദ്ധം ചെയ്തു.*

എന്തുകൊണ്ടാണ് നാം ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കാൻ പാടില്ലാത്തത്?

- ⇨ ദൈവം നമ്മുടെ രക്ഷകനാണ്.
- ⇨ നാം കഷ്ടതയനുഭവിക്കുമ്പോൾ ദൈവവും കഷ്ടതയനുഭവിക്കുന്നു.
- ⇨ ദൈവസന്നിധിയിൽ നിൽക്കുന്ന ദൂതൻ നമ്മെ രക്ഷിക്കുന്നു.
- ⇨ അവിടുത്തെ കരുണയാലും സ്നേഹത്താലും അവിടുന്നു നമ്മെ രക്ഷിക്കുന്നു.
- ⇨ എല്ലാ ദിവസവും അവിടുന്ന് നമ്മെ ഉയർത്തുകയും ചുമക്കുകയും ചെയ്യുന്നു.

പ്രായോഗികനിർദ്ദേശം:
പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്ന രീതിയിൽ നിങ്ങളുടെ ജീവിതത്തിൽ നിലനിൽക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്? നമുക്കു നമ്മുടെ ഹൃദയങ്ങളെ പരിശോധിക്കാം.

ദിനം 24

# വിശുദ്ധദൈവത്തിന്റെ ആത്മാവ് നമ്മിൽ പ്രകടമാണോ?

ദാനിയേൽ 4:8–9

*8ഒടുവിൽ എന്റെ ദേവന്റെ നാമധേയപ്രകാരം ബേൽത്ത്ശസ്സർ എന്നു പേരുള്ളവനും വിശുദ്ധദേവന്മാരുടെ ആത്മാവുള്ളവനുമായ ദാനിയേൽ എന്റെ മുമ്പിൽ വന്നു. അദ്ദേഹത്തോട് ഞാൻ എന്റെ സ്വപ്നം ഇപ്രകാരം വിവരിച്ചു: 9മന്ത്രവാദികളിൽ പ്രമുഖനായ ബേൽത്ത്ശസ്സരേ, വിശുദ്ധദേവന്മാരുടെ ആത്മാവു നിന്നിലുണ്ടെന്നും ഒരു രഹസ്യവും നിനക്ക് അജ്ഞാതമല്ലെന്നും എനിക്കറിയാം. ഞാൻ കണ്ട സ്വപ്നത്തിന്റെ താല്പര്യവും അതിന്റെ അർത്ഥവും നീ എന്നെ അറിയിക്കുക.*

ദൈവത്തെക്കുറിച്ച് കാര്യമായൊന്നും അറിയത്ത ഒരു രാജാവ് ദാനിയേലിനെക്കുറിച്ചു പറഞ്ഞ ചില പ്രസ്താവനകളാണ് നാം ഇവിടെ വായിക്കുന്നത്.

- ⇨ വിശുദ്ധദേവന്മാരുടെ ആത്മാവ് ഇവനിൽ വസിക്കുന്നു (4:8–9, 4:18, 5:11, 14)
- ⇨ ഒരു രഹസ്യവും നിനക്ക് അജ്ഞാതമല്ല (4:9)
- ⇨ വെളിച്ചവും വിവേകവും ദേവന്മാരുടേതുപോലുള്ള ജ്ഞാനവും അയാളിലുണ്ട് (5:11, 14)

നമ്മുടെ ചുറ്റിലുമുള്ളയാളുകൾ നമ്മിൽ കാണുന്നത് എന്തൊക്കെയാണ്? 1 കൊരിന്ത്യർ 9:22–23 വാക്യങ്ങൾ നമ്മുടെ ജീവിതവുമായി തട്ടിച്ചുനോക്കാം: 22ബലഹീനരെ നേടുവാൻ ഞാൻ ബലഹീനർക്കു ബലഹീനനായി, ഏതെങ്കിലും വിധത്തിൽ ചിലരെ രക്ഷിക്കുവാൻ ഞാൻ എല്ലാവർക്കും എല്ലാം ആയിത്തീർന്നു. 23സുവിശേഷത്തിന്റെ അനുഗ്രഹങ്ങളിൽ പങ്കാളിയാകുവാൻ സുവിശേഷത്തിനുവേണ്ടി ഞാൻ ഇതെല്ലാം ചെയ്യുന്നു.

പ്രായോഗികനിർദ്ദേശം:
നമ്മൾ ചെയ്യുന്ന പ്രവൃത്തികൾ എന്തുകൊണ്ടാണു നാം ചെയ്യുന്നത് (നമ്മിലെ ഉൾപ്രേരണ എന്താണ്)? സുവിശേഷത്തിനുവേണ്ടി നാം ചെയ്യുന്ന പ്രവൃത്തികൾ എന്തൊക്കെയാണ്?

ദിനം 25

# ദൈവാത്മാവോ അതോ വ്യഭിചാരത്തിന്റെ ആത്മാവോ?

ഹോശേയ 4:12, 5:4

*12എന്റെ ജനം ഒരു മരപ്രതിമയോടു ചോദിക്കുന്നു. ഒരു മരക്കൊമ്പിൽനിന്നു അവർക്കു മറുപടി ലഭിക്കുന്നു. വ്യഭിചാരത്തിന്റെ ആത്മാവ് അവരെ വഴിതെറ്റിക്കുന്നു. അവർ തങ്ങളുടെ ദൈവത്തോട് അവിശ്വസ്തരായിരിക്കുന്നു.*
*4തങ്ങളുടെ ദൈവത്തിലേക്കു മടങ്ങിവരുവാൻ അവരുടെ പ്രവൃത്തികൾ അവരെ അനുവദിക്കുന്നില്ല.*

*വ്യഭിചാരത്തിന്റെ ആത്മാവ് അവരുടെ ഹൃദയങ്ങളിലുണ്ട്. അവർ യഹോവയെ അറിയുന്നില്ല.*

വ്യഭിചാരത്തിന്റെ ആത്മാവുണ്ടെന്നുള്ളതിനുള്ള ചില സൂചനകൾ:

- ⇨ സ്രഷ്ടാവിനെ നോക്കാതെ സൃഷ്ടികളിൽ നിന്നും ആലോചന തേടുന്നു.
- ⇨ അവർ തെറ്റായ വഴികളിൽ നയിക്കപ്പെടുന്നു.
- ⇨ അവർ ദൈവത്തോട് അവിശ്വസ്തമായി പെരുമാറുന്നു.
- ⇨ ദൈവത്തിലേക്കു തിരികെവരാൻ അവരുടെ പ്രവൃത്തികൾ അവരെ അനുവദിക്കുന്നില്ല.
- ⇨ അവർ ദൈവത്തെ അറിയുന്നില്ല/അംഗീകരിക്കുന്നില്ല.

പ്രായോഗികനിർദ്ദേശം:

പരിശുദ്ധാത്മാവിനാലാണു നാം നയിക്കപ്പെടുന്നതെന്നു കാണിക്കുന്ന ചില ലക്ഷണങ്ങൾ എന്തൊക്കെയാണ്?

ദിനം 26

# ദർശനങ്ങളും സ്വപ്നങ്ങളും കാണാൻ സഹായിക്കുന്ന ആത്മാവ്

യോവേൽ 2:28–29

*28പിന്നീട്, ഞാൻ എന്റെ ആത്മാവിനെ സകല മനുഷ്യരുടെമേലും പകരും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും. നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും. നിങ്ങളുടെ യൗവനക്കാർ ദർശനങ്ങൾ ദർശിക്കും. 29എന്റെ ഭൃത്യന്മാരുടെമേലും – പുരുഷന്മാരുടെമേലും സ്ത്രീകളുടെമേലും തന്നെ – ആ നാളുകളിൽ ഞാൻ എന്റെ ആത്മാവിനെ പകരും.*

നാം ചോദിക്കേണ്ട ചില ചോദ്യങ്ങൾ:

- ⇨ നമ്മുടെ മക്കൾ പ്രവചിക്കുന്നുണ്ടോ?
- ⇨ പ്രായമായ ഒരാളാണുനിങ്ങളെങ്കിൽ, നിങ്ങൾക്ക് സ്വപ്നങ്ങൾ ഉണ്ടോ?
- ⇨ പ്രായംകുറഞ്ഞ ഒരാളാണുനിങ്ങളെങ്കിൽ, നിങ്ങൾക്ക് ദർശനങ്ങൾ ഉണ്ടോ?

സദൃശവാക്യം 29:18 ദർശനം ഇല്ലാത്തിടത്തു ജനം നിയന്ത്രണംവിട്ടു നടക്കും; ന്യായപ്രമാണം കാക്കുന്നവനോ അനുഗ്രഹിക്കപ്പെട്ടവൻ

സുവിശേഷമെന്നത് തുറന്ന ഒരു ദർശനമാണ്. അതു ക്രിസ്തുവിനെ ഉയർത്തിപ്പിടിക്കുന്നു, പാപിയെ വിനീതനാക്കുന്നു, രക്ഷകനെ പ്രഘോഷിക്കുന്നു, ജീവിതത്തിലും സംസാരത്തിലുമെല്ലാം അതു വിശുദ്ധിയെ കൊണ്ടുവരുന്നു. നാശത്തിലേക്കു പോകാതെ നമ്മുടെ ആത്മാവിനെ ജീവനിലേക്കുയർത്തുന്ന വിശിഷ്ട സത്യമാണിത്.

പ്രായോഗികനിർദ്ദേശം:

ആദ്യകാലങ്ങളിലും ഇപ്പോഴും ഭാവിയിലേക്കുമുള്ള നിങ്ങളുടെ ദർശനങ്ങളും സ്വപ്നങ്ങളും എന്തൊക്കെയാണ്? ദൈവത്തെ അന്വേഷിക്കുക, ദൈവത്തോടു നന്ദിയുള്ളവരായിരിക്കുക.

ദിനം 27

# ജനത്തിന്റെ പാപത്തെയും അതിക്രമത്തെയുംകുറിച്ചു പറയുന്ന ദൈവാത്മാവ്

മീഖ 3:8

*യാക്കോബിനോട് അവന്റെ അതിക്രമത്തെയും യിസ്രായേലിനോട് അവന്റെ പാപത്തെയുംകുറിച്ചു പറയേണ്ടതിനു ഞാൻ യഹോവയുടെ ആത്മാവിന്റെ ശക്തിയാലും നീതിയാലും ബലത്താലും നിറഞ്ഞിരിക്കുന്നു.*

പഴയനിയമകാലഘട്ടത്തിലെ മറ്റുപ്രവാചകരെപ്പോലെ മീഖായുടെ ദൗത്യവും ദൈവജനതയുടെ പാപത്തെ മറനീക്കി കാണിക്കുക എന്നതായിരുന്നു. അഴിമതിക്കാരായ മേൽനോട്ടക്കാരുടെ തിന്മപ്രവൃത്തികൾക്ക് വളംവച്ചുകൊടുക്കാൻ തങ്ങളുടെ നുണകളാൽ ഇടനല്കിയ വ്യാജപ്രവാചകരെ മീഖ കഠിനമായി ശാസിച്ചു.

30വിസ്മയാവഹവും ഭയാനകവുമായതു ദേശത്തു സംഭവിക്കുന്നു. 31പ്രവാചകന്മാർ വ്യാജമായി പ്രവചിക്കുന്നു; പുരോഹിതന്മാർ സ്വേച്ഛപ്രകാരം അധികാരം നടത്തുന്നു. എന്റെ ജനങ്ങൾക്ക് അത് ഇഷ്ടമായിരിക്കുകയും ചെയ്യുന്നു. എന്നാൽ അവസാനത്തിൽ നിങ്ങൾ എന്തു ചെയ്യും? (യിരമ്യ 5:30–31)

സത്യമെന്ത് എന്നതിനെക്കുറിച്ചും നുണയെന്ത് എന്നതിനെക്കുറിച്ചും ആശയക്കുഴപ്പത്തിലായിരിക്കുന്ന ഒരു വ്യക്തിയാണോ നിങ്ങൾ?

പ്രായോഗികനിർദ്ദേശം:
ജനങ്ങൾ ചതിക്കപ്പെട്ടിരിക്കുന്ന ചില നുണകൾ എന്തൊക്കെയാണ്? ദൈവം വഴികാണിക്കാൻ വേണ്ടി പ്രാർത്ഥിക്കുക.

ദിനം 28
## ഭയപ്പെടേണ്ട, ആത്മാവു നമ്മുടെ മദ്ധ്യേയുണ്ട്

ഹഗ്ഗായി 2:5–9
*5നിങ്ങൾ മിസ്രയീമിൽനിന്നു പുറപ്പെട്ടുവരുമ്പോൾ ഞാൻ നിങ്ങളോടുചെയ്ത ഉടമ്പടി ഇതുതന്നേ. എന്റെ ആത്മാവ് നിങ്ങളുടെ മദ്ധ്യത്തിൽ ഉണ്ട്. നിങ്ങൾ ഭയപ്പെടേണ്ട. 6സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: അല്പസമയത്തിനുശേഷം ഞാൻ വീണ്ടും ആകാശത്തെയും ഭൂമിയെയും സമുദ്രത്തെയും കരയെയും ഇളക്കും. 7ഞാൻ സകല ജനതകളെയും ഇളക്കും. അപ്പോൾ സകലജനതകൾക്കും പ്രിയങ്കരമായതുവരും; ഞാൻ ഈ ആലയത്തെ എന്റെ മഹത്വംകൊണ്ടു നിറയ്ക്കും – എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. 8വെള്ളി എനിക്കുള്ളത്; സ്വർണ്ണവും എനിക്കുള്ളത് എന്നു സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാട്. 9ഈ ആലയത്തിന്റെ മഹത്ത്വം പഴയ ആലയത്തിന്റെ മഹത്ത്വത്തെക്കാൾ വലുതായിരിക്കും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. ഈ സ്ഥലത്തു ഞാൻ സമാധാനം നല്കും എന്നും സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു.*

വരുവാനിരിക്കുന്ന മിശിഹായെക്കുറിച്ചുള്ള വാഗ്ദാനവും, പണിയുവാനിരിക്കുന്ന ദൈവാലയത്തിന്റെ മഹത്വവും മാത്രമല്ല ദൈവം ഉറപ്പുനല്കുന്നത്, സമാധാനവും കൂടിയാണ്. ഈ സ്ഥലത്ത് എന്ന പരാമർശം ജെറുസലേമിനെക്കുറിച്ചാണ്. അവിടെയായിരിക്കും സമാധാനപ്രഭുവായി മിശിഹ വാഴുന്നത്.

യേശുവിൽ വിശ്വസിക്കുന്നവർക്ക് ദൈവവുമായി സമാധാനമുണ്ട്. റോമർ 5:1 അതുകൊണ്ട്, വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുമുഖേന നമുക്കു ദൈവത്തോടു സമാധാനം ഉണ്ട്.

പ്രായോഗികനിർദ്ദേശം:
നിങ്ങളിലുള്ള ഭയവും അപകർഷതയുമെല്ലാം ദൈവകരങ്ങളിൽ സമർപ്പിച്ചു പ്രാർത്ഥിക്കുക.

ദിനം 29
## സൈന്യത്താലോ ശക്തിയാലോ അല്ല, ദൈവാത്മാവിനാൽ

സെഖര്യാവ് 4:6
*അപ്പോൾ ദൂതൻ എന്നോടു: സെരൂബ്ബാബേലിനോടു യഹോവയുടെ അരുളപ്പാട്: സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രെ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു.*

സൈന്യമെന്ന വാക്ക് സൈന്യത്തിന്റെ ശക്തിയെയാണ് സൂചിപ്പിക്കുന്നത്, ജനം ഒരുമിച്ചു നിന്നാൽ സാദ്ധ്യമാകുന്ന ശക്തി. എന്നാൽ അടിമത്തത്തിൽനിന്നും വീണ്ടെടുക്കപ്പെട്ട ഈ ജനതയ്ക്ക് സൈന്യമേ ഉണ്ടായിരുന്നില്ല. ശക്തിയെന്ന വാക്ക് വ്യക്തികളുടെ ശക്തിയെയാണ് സൂചിപ്പിക്കുന്നത്, എന്നാൽ സെരൂബ്ബാബേലിന്റെ ശക്തി തീർത്തും ക്ഷയിച്ചുപോയ ഒന്നാണ്. നിരാശരാകേണ്ട എന്നത് പ്രവാചകന്റെ സന്ദേശമാണ്. ഒരു സൈന്യത്തിനുപോലും ചെയ്യാൻ സാധിക്കാത്തതു നമ്മെക്കൊണ്ടു നിറവേറ്റാൻ ദൈവാത്മാവിനാൽ സാധിക്കും.

ദൈവത്തിന്റെ പ്രവൃത്തികൾ ചെയ്യാൻ നമുക്കു മൂന്നു വഴികളുണ്ട്.

- ⇨ നമ്മുടെ ശക്തിയും ജ്ഞാനവും ഉപയോഗിക്കാം
- ⇨ ലോകത്തിന്റെ സഹായഹസ്തം ഉപയോഗിക്കാം
- ⇨ ദൈവാത്മാവിന്റെ ശക്തിയിൽ ആശ്രയിക്കാം.

ആദ്യരണ്ടുവഴികളും വിജയം നല്കുമെങ്കിലും അതു നീണ്ടു നിൽക്കുന്ന നേട്ടങ്ങളാകണമെന്നില്ല. ദൈവാത്മാവിന്റെ ശക്തിയിൽ ആശ്രയിച്ചു ചെയ്യുന്ന പ്രവൃത്തികൾ മാത്രമാണ് ദൈവത്തിനു മഹത്വം കരേറ്റുന്നത്, ദൈവവിധിയുടെ അഗ്നിയെ അതിജീവിക്കുന്നതും.

### പ്രായോഗികനിർദ്ദേശം:

നമ്മുടെ ആശ്രയം എന്തിലാണ്? നമുക്കു പരിശോധിക്കാം.

ദിനം 30

## ആത്മാവു പ്രവാചകരിലൂടെ സംസാരിച്ചു

### സെഖര്യാവ് 7:12

*അവർ തങ്ങളുടെ ഹൃദയത്തെ വജ്രംപോലെ കഠിനമാക്കി; ന്യായപ്രമാണം അവർ ശ്രദ്ധിച്ചില്ല; പണ്ടത്തെ പ്രവാചകന്മാർ മുഖാന്തിരം, സൈന്യങ്ങളുടെ യഹോവയുടെ ആത്മാവ് അയച്ച വചനവും അവൻ ചെവിക്കൊണ്ടില്ല. അതിനാൽ സൈന്യങ്ങളുടെ യഹോവ കോപിച്ചു.*

ജനം ദൈവത്തിന്റെ വാക്കുകൾക്കു ചെവികൊടുത്തില്ല, അതിനാൽ ദൈവം കോപിച്ചു. ശാഠ്യമനോഭാവത്തോടെ ജനം പുറംതിരിഞ്ഞുപോവുകയും, അവരുടെ ചെവി അടച്ചുകളയുകയും ചെയ്തു, ദൈവത്തെ ശ്രദ്ധിക്കാൻ അവർക്കു മനസ്സില്ലായിരുന്നു (വാക്യം 11). പ്രവാചകരിലൂടെ ദൈവം സംസാരിച്ച കാര്യങ്ങൾ എന്തൊക്കെയായിരുന്നു, (വാക്യം 9)?

- ⇨ നേരോടെയുള്ള ന്യായവിധി
- ⇨ അന്യോന്യം മനസ്സലിവും കരുണയും കാണിക്കുന്നത്
- ⇨ വിധവയെയും അനാഥനെയും പരദേശിയെയും ദരിദ്രനെയും പീഡിപ്പിക്കാതിരിക്കുന്നത്
- ⇨ പരസ്പരം മനസ്സിൽ ദോഷം ചിന്തിക്കാതിരിക്കുന്നത്

### പ്രായോഗികനിർദ്ദേശം:

വാക്യം 9ൽ നിങ്ങൾക്കു മാനസാന്തരപ്പെടേണ്ട എന്തെങ്കിലും കാര്യങ്ങളുടെ സൂചനയുണ്ടോ? നമുക്കു കർത്താവിനെ കോപിപ്പിക്കാതിരിക്കാം. ആത്മാവിനാൽ നയിക്കപ്പെടുന്ന, സമാധാനപൂർണ്ണമായ ഒരു ജീവിതം നമുക്കു നയിക്കാം.